UNSTARRED QUESTIONS AND ANSWERS.

ചെറുകിട സമ്പാദ്യപദ്ധതി.

397. [5] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1958-59-ൽ ചെറുകിട സമ്പാദ്യപദ്ധതിയിലേക്കു് തൊഴിലാളി യൂണിയനുകളും സംഭാവന ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം യൂണിയനുകളും മുഖാന്തരം സംഭാവന കിട്ടിയിട്ടുണ്ടു്; എത്ര തുക വീതം;

(ബി) തൊഴിലാളി യൂണിയനുകളും മുഖാന്തിരം പിരിഞ്ഞുകിട്ടിയ തുക മൊത്തം പിരിഞ്ഞുകിട്ടിയ തുകയുടെ എത്ര ശതമാനമെന്നു പറയുമോ;

(സി) തൊഴിലാളി യൂണിയനുകളും മറ്റു ബഹുജനസംഘടനകളും മുഖാന്തിരം ലഘുനിക്ഷേപപദ്ധതിയിലേക്കുള്ള സംഭാവനകളെ പ്രോത്സാഹിപ്പിക്കാൻ ബഹുജനസംഘടനാ പ്രതിനിധികളെക്കൂടി ഏജൻറന്മാരായി നിയമിക്കാനും, അവശ്യം കമ്മിഷൻ നിശ്ചയിക്കുന്നതിനും വേണ്ട നടപടികളെടുക്കുമോ?

ഉത്തരം

(എ, ബി) ഈ വിവരങ്ങൾ ഗവണ്മെൻറിനു് നേരിട്ടറിയുവാൻ നിർവ്വാഹമില്ല. വേണ്ട വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ടു്.

(സി) ബഹുജനസംഘടനാപ്രതിനിധികൾക്കു് അംഗീകൃത ഏജൻറന്മാരാകുന്നതിനു് വ്യവസ്ഥയുണ്ടു്. വ്യക്തികൾക്കു് ജാമ്യം വയ്ക്കുണ്ടതാണു്. നാഷണൽ പ്ലാൻ സേവിംഗ്സ് സർട്ടിഫിക്കറിനു് ബിസിനസ്സിനു് ഒന്നേകാൽ ശതമാനവും ഷോർട്ട് സേവിംഗ്സ് ഡിപ്പോസിറ്റ് സർട്ടിഫിക്കറിനു് ബിസിനസ്സിനു് അരശതമാനവും കമ്മീഷൻ ലഭിക്കും.

മുസ്ലീം തൊഴിലാളികൾ.

398. [7] ശ്രീ കെ. അവുക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പൂന്തുറ, ഭീമാപള്ളി എന്നിവിടങ്ങളിലെ മുസ്ലീം തൊഴിലാളികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ചു് തിരുവനന്തപുരം സിറ്റി മുസ്ലീം ലീഗു് വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻറെ പരിഹാരാർത്ഥം എന്തു് നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ടു്.

(ബി) ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

Adjournment Motion

12 Noon] **Mr. Speaker**: Order, order. I have received notice of an adjournment motion from Shri K. K. Viswanathan for adjournment of the business of the Assembly for the purpose of discussing a matter, namely, the distress caused to the general public on account of the soaring price of rice. He has also attached the following statement giving full details.

LIBRARY ARCHIVES Kerala Legislative Assembly

The present price of rice in the market is known to be more than a Rup e per measure. With the continuous rains in the State and the lean months of the year having set in, the prospects of prices falling in the near future are remote. Government seem to be in a very complacent mood regarding the situation. It is the duty of this Assembly to pay its immediate attention to this matter of grave public importance and devise ways and means of mitigating the distress.

The hon. Member can speak on his motion.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ പ്രമേയം അനുമതിക്കണമെന്നും അതിനെസംബന്ധിച്ച് ഒരു ചർച്ചചെയ്യണമെന്നുമാണ് ഞാൻ അഭിപ്രായപ്പെടുന്നത്. സർ, ഇന്ന് അരിവില വളരെയധികം കയറിക്കൊണ്ടിരിക്കുകയാണ്. ഇതിനു മുൻപെങ്ങുമുണ്ടാകാത്തവിധത്തിൽ ഇന്ന് അരിയുടെ വില വർദ്ധിച്ചിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനം ആരംഭിക്കുന്ന കാലത്തുണ്ടായിരുന്നതിനേക്കാൾ ഇരുപത്തഞ്ചു ശതമാനം വില ഇന്നു വർദ്ധിച്ചിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഏതാണ്ട് ഒരുപ്പികവരെ ഇടങ്ങഴി അരിക്ക് വിലയുണ്ട്. വർഷകാലം ആരംഭിച്ചിരിക്കുന്ന ഈ സമയത്തു അരിവില ഇങ്ങനെ വർദ്ധിക്കുകയാണെങ്കിൽ നാട്ടിലുണ്ടാകാൻപോകുന്ന കഴപ്പം നമുക്ക് ഊഹിക്കാവുന്നതാണ്. വർഷം വരികയാണ്. ഈ സന്ദർഭത്തിൽ അരിയുടെ വില കുഴിയുന്നതു കുറയ്ക്കാൻ സാധിച്ചില്ലെങ്കിൽ സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്കും തൊഴിലാളികൾക്കും വിഷമം നേരിടും. ഇന്ന് ഹോർ സെയിൽ മാർക്കറ്റിൽപോലും അരിവില 55-ം, 56-ം രൂപ ചാക്കിനുണ്ട്. അവിടെപോയി വാങ്ങുന്ന ആളുകൾക്ക ബില്ല കൊടുക്കുമ്പോൾ യഥാർത്ഥമായി കൊടുക്കുന്ന സംഖ്യയെക്കാൾ കുറച്ചാണ് കൊടുക്കുന്നത്. ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി പറഞ്ഞതു കുറെ അരി ഇവിടെ സ്റ്റാക്കുണ്ടെന്നും ഇൻഡ്യാഗവണ്മെന്റ് നൽകുവാഗ്ദാനം ചെയ്തിട്ടുള്ള അമ്പതിനായിരം ടൺ കൂടി കണക്കാക്കിയാൽ ആഗസ്റ്റ് മാസംവരെ കഴിയാനുള്ള അരി ഇവിടെയുണ്ടെന്നുമാണ്. ആ പ്രസ്താവന ശരിയാണെങ്കിൽ ഇത്രയധികം വില കയറേണ്ട ആവശ്യമില്ല. കേന്ദ്രഗവണ്മെന്റിൽ നിന്നും പതിനായിരം ടൺ അരി ഉടനെ അയക്കുന്നതിനു അനുവദിച്ചിരിക്കുന്നതായി പത്രങ്ങളിൽ കാണുകയുണ്ടായി. അതിനുപുറമേ കച്ചവടക്കാരുടെ കയ്യിൽ അരിയുണ്ട്. വില നിയന്ത്രിച്ചിട്ടുണ്ടെങ്കിലും അതനുസരിച്ച് സാധാരണക്കാർക്ക് കൊടുക്കാൻ കഴിയുന്നുണ്ടോ എന്നൊന്നും ഈ ഗവണ്മെന്റ് നോക്കുന്നില്ല. ഈ വക കാര്യങ്ങളിൽ ഗവണ്മെന്റ് തീരെ ശ്രദ്ധിക്കാത്തതുകൊണ്ടാണ് അരിവില ഇങ്ങനെ കുതിച്ചുകയറിക്കൊണ്ടിരിക്കുന്നത്. ഇതിനൊരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ഈ രാജ്യത്തു വളരെ കുഴപ്പങ്ങൾ ഉണ്ടാകും. അതിനു പരിഹാരം കണ്ടുപിടിക്കുന്നതിനുവേണ്ടിയാണ് ഇതേപ്പറ്റി നിയമസഭയിൽ ചർച്ച ചെയ്യണമെന്ന ഞാൻ അഭ്യർത്ഥിക്കുന്നത്. ഇവിടെ ഒരു ഫുഡ് അഡൈ്വസറി കമ്മിറ്റിയുണ്ട്. ഈ ഫുഡ് അഡൈ്വസറികമ്മിറ്റി വിളിച്ചുകൂട്ടി ആലോചിക്കാൻ ഗവണ്മെന്റ് ഇതുവരെയും ഗൗനിച്ചിട്ടില്ല. അരിവില കൂടിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അതി പ്രധാനമായ ഈ കാര്യത്തെപ്പറ്റി ചർച്ചചെയ്യാൻ ഫുഡ് അഡൈ്വസറിക്കമ്മിറ്റിപോലും വിളിച്ചുകൂട്ടാൻ ഗവണ്മെന്റ് തയാറാകാത്തതു കഷ്ടമാണ് അതുകൊണ്ട് ഈ രാജ്യത്ത് ഏറ്റവും വലിയ കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ഒരു പ്രശ്നമായതുകൊണ്ട് എങ്ങനെയാണ് ഈ അടിയന്തിരാവസ്ഥയെ നേരിടുന്നതെന്നും എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് കൈക്കൊള്ളുവാൻ പോകുന്നതെന്നും ഈ സഭയെ അറിയിക്കണം. അതിനുവേണ്ടി ഈ പ്രമേയം ചർച്ചചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അരിവില വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന്റെ ഗൗരവത്തെ സംബന്ധിച്ചും അതിനു പരിഹാരം കാണുന്നതിനു് ആവശ്യമായ നടപടികളെടുക്കണമെന്നുള്ളതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട മെംബർ പറയുന്നതിനോടു ഞാൻ തികച്ചും യോജിക്കുന്നു. എന്നാൽ ഇക്കാര്യത്തിനു ഗവണ്മെന്റു യാതൊന്നും ചെയ്യുന്നില്ല എന്നു പറയുന്നതിനെ ഞാൻ എതിർക്കുകയാണു്. ഇക്കാര്യത്തിനു ഈ ഗവണ്മെന്റിനെക്കൊണ്ടു ചെയ്യാൻ കഴിയുന്നതിന്റെ അങ്ങേയറ്റം ഇതേവരെ ചെയ്തു കഴിഞ്ഞിട്ടുണ്ടു്; ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. ഈ ഗവണ്മെന്റിനു ചെയ്യാവുന്നതു് ഭക്ഷിണമേഖലയിൽ കൺട്രോൾ വിലയ്ക്കു അരി കിട്ടുന്ന കാലങ്ങളിൽ ആ വിലയ്ക്കു അരിവാങ്ങി, നേരിട്ടു വരുത്തി ഇവിടെ വിതരണം നടത്തുകയാണു്. അതല്ലെങ്കിൽ കേന്ദ്രത്തിൽനിന്നു കിട്ടുന്ന അരി വിതരണം ചെയ്യാം അരിവില വർദ്ധിക്കാതിരിക്കാൻ ഈ രണ്ടു മാർഗ്ഗമല്ലാതെ മറ്റൊന്നും ചെയ്യാൻഈ ഗവണ്മെന്റിനു നിവൃത്തിയില്ല. ഇന്നത്തെ സ്ഥിതിയാണെങ്കിൽ ഭക്ഷിണമേഖലയിലുണ്ടെങ്കിൽപോലും, മേഖലയിലാകെ കേന്ദ്രഗവണ്മെന്റു വിലനിയന്ത്രിച്ചിട്ടുണ്ടെങ്കിൽപ്പോലും, ആ വിലയ്ക്കു അരി കിട്ടാനില്ല. ഇതിനെസംബന്ധിച്ചു് നാഷണൽ ഡവലപ്പ്മെന്റു് കൗൺസിലും കേന്ദ്രഗവണ്മെന്റും വിശേഷിച്ചു് കേന്ദ്രഭക്ഷ്യമന്ത്രിയും പ്രധാനമന്ത്രിയുമായി ചർച്ചചെയ്തിട്ടുണ്ടു്. അവരും ഇക്കാര്യത്തിൽ കുറെയൊക്കെ നിസ്സഹായത പ്രദർശിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. എങ്കിലും അവരുടെ കഴിവനുസരിച്ചു ചെയ്യാവുന്നതിന്റെ പരമാധി ചെയ്യാമെന്നു പറഞ്ഞാണു് 50,000 ടൺ തരാമെന്നു പറഞ്ഞതു്. അതിന്റെ അടിസ്ഥാനത്തിലാണു് സ്റ്റോറു ഭക്ഷ്യകാര്യമന്ത്രി ആഗസ്റ്റുവരെ ഒരുമാതിരി ഡപ്പോകളിലൂടെ ഇടങ്ങഴിഅരി വീതം കൊടുക്കാൻകഴിയുമെന്നു പറഞ്ഞതു്. നിർഭാഗ്യവശാൽ ആ അമ്പതിനായിരം ടൺ ഇപ്പോഴും കിട്ടിക്കഴിഞ്ഞിട്ടില്ല. ഈ മാസത്തേക്കുള്ളതുപോലും കിട്ടിക്കഴിഞ്ഞിട്ടില്ല. ഒരുടുത്ത അവസരത്തിൽ പതിനയ്യായിരം ടൺ അയയ്ക്കാമെന്നു പറഞ്ഞിട്ടുണ്ടു്. അടുത്തുതന്നെ അതിവിടെയെത്തുമെന്നു പ്രതീക്ഷിക്കുന്നു. ഈ വക കാര്യങ്ങളെല്ലാം മനസ്സിലാക്കിയാണു് ഭക്ഷ്യമന്ത്രി കേന്ദ്രത്തിലേക്കു പോയിട്ടുള്ളതു്. ശ്രീ. വിശ്വനാഥന്റെ സ്റ്റേറുമെന്റിൽ പറയുന്ന The Government seem to be in a very complacent mood regarding the present situation. അതിനെ ഞാൻ ശക്തിയായി നിഷേധിക്കുകയാണു്. ഈ ഗവണ്മെന്റു് കഴിവുള്ളതെല്ലാം ചെയ്യുന്നുണ്ടു്. ഭക്ഷ്യമന്ത്രി ഡെൽഹിയിൽ പോയിരിക്കുകയാണു്. മടങ്ങിവന്നതിനുശേഷം എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതിനെപ്പറ്റിയെല്ലാം തീരുമാനം ചെയ്യാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഭക്ഷിണമേഖലയിൽ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിച്ചിട്ടുള്ളതു് ഇവിടെയുള്ള ഭക്ഷ്യപ്രശ്നത്തിനു് അനുകൂലമായിട്ടാണോ പ്രതികൂലമായിട്ടാണോ അനുഭവപ്പെടുന്നതു്? അനുകൂലമായിട്ടല്ല നമ്മെ ബാധിച്ചിട്ടുള്ളതെന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായമെങ്കിൽ അതൊടുത്തുമാറാൻ കേന്ദ്രത്തോടാവശ്യപ്പെടുമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് : അനുകൂലമായിട്ടോ പ്രതികൂലമായിട്ടോ എന്നു ചോദിച്ചാൽ റിലേറ്റീവായിട്ടേ പറയാൻ സാധിക്കുകയുള്ളൂ. ഭക്ഷിണമേഖല നിലനിറുത്തികൊണ്ടിരിക്കുന്നതു് നിയന്ത്രിതവിലയ്ക്കു അരികിട്ടുക എന്നുള്ളതാണു് അതിന്റെ ഫലമായിട്ടുദ്ദേശിക്കുന്നതെങ്കിൽ അതു സാധിച്ചിട്ടില്ല. എന്നാൽ ആ കാരണം പറഞ്ഞുകൊണ്ടു് ഭക്ഷിണമേഖല വേണ്ടെന്നു വയ്ക്കുകയാണെങ്കിൽ അതിന്റെ ഭവിഷ്യത്തു് ഇതിൽ കൂടുതലായിരിക്കും.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ തിരുവനന്തപുരത്തിനു തെക്കു താമസിക്കുന്ന അനവധിയാളുകളുടെ നെൽവയലുകളും മദ്രാസ് സ്റ്റേറിലാണു്. അതിന്റെ ഉടമസ്ഥന്മാർക്കു് അവിടെയുള്ള നെല്ലു് ഇങ്ങോട്ടു കടത്തിക്കൊണ്ടുവരാൻ സാധിക്കുന്നില്ല. അതുകൊണ്ടു വളരെയധികം ബുദ്ധിമുട്ടനുഭവിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. അതുകൊണ്ട് ആ നെല്ലിങ്ങോട്ടു കടത്തിക്കൊണ്ടുവരാൻ എന്തെങ്കിലും പ്രതിവിധി ചെയ്യാൻ സാധിക്കുമോ എന്നും ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: അക്കാര്യം മദ്രാസ് മന്ത്രിമാരും അഫീസേഴ്സും കൂടിയിരുന്നിട്ടുള്ള ഒരു കാൺഫറൻസിൽവച്ച് പ്രത്യേകം ഉന്നയിക്കുകയും അപ്രകാരം ചെയ്യുന്നില്ലെന്നു അവർ പറയുകയും ചെയ്തു. അങ്ങനെ തടയുന്നതിൻെറ ചില ഇൻസ്റ്റൻസ് അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. അതു സംബന്ധിച്ച് നടപടികൾ എടുക്കുമെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഇപ്പോൾ തിരുവനന്തപുരത്തുള്ള വയലുദേസ്ഥന്മാർക്ക് മദ്രാസിൽനിന്നു നെല്ല് കടത്തിക്കൊണ്ടുവരാൻ നിവൃത്തിയില്ലാതെ തടയുന്നതായി പരാതിയുണ്ടായിട്ടുണ്ടോ ? അതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: നെല്ലുകിട്ടുന്നില്ല എന്നുള്ള പരാതിയും കിട്ടി. നടപടികളെടുത്തതിൻെറ ഫലമായി അവരിൽ ചിലർക്ക് കിട്ടാൻ തുടങ്ങിയിട്ടുമുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: കിട്ടാൻ തുടങ്ങിയിട്ടില്ല. എന്നാൽ ഇവിടെ ക്ഷാമം വളരെ കുറയാൻ ഇടയുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: ദക്ഷിണമേഖലയിലെ വില നിയന്ത്രണം ഇവിടത്തെ ഭക്ഷ്യകാര്യത്തിൽ എങ്ങനെ ബാധിച്ചിരിക്കുന്നു ; അനുകൂലമല്ലെങ്കിൽ ആ നിയന്ത്രണം എടുത്തുകളയാൻ കേന്ദ്രത്തോടു് അവശ്യപ്പെടുമോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: നിയന്ത്രിതവിലയ്ക്കു കിട്ടാനാണു് നിയന്ത്രിച്ചിട്ടുള്ളതു്. ഫലം അനുകൂലമായി കാണുന്നില്ല.

ശ്രീ. കെ. എം. ജോർജ്: ദക്ഷിണമേഖല തുടരണമെന്നു് കേന്ദ്രഗവണ്മെൻറിനോടു് ഈ ഗവണ്മെൻറ് അഭ്യർത്ഥിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഉണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: കേന്ദ്രം നിശ്ചയിച്ചിട്ടുള്ള വിലയ്ക്കു അരി കിട്ടുകയില്ലെന്നാണോ പറയുന്നതു് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: കിട്ടുകയില്ല. ശ്രീ. വിശ്വനാഥൻ ഇവിടെ പറയുകയുണ്ടായി ഷാപ്പുകളിൽ പോയി വാങ്ങുന്നതിലുണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്കു് ബല്ലു കിട്ടുകയുള്ളൂ എന്നു്. ഇതുതന്നെയാണു് ആസ്ഥാനത്തിലെയും സ്ഥിതി. ഗവണ്മെൻറ് നേരിട്ടു് അവിടെ പോയി വാങ്ങുകയാണെങ്കിൽ 40-ം, 45-ം ഉറപ്പിക കൊടുക്കണം. 34, 33 രൂപയ്ക്കു് ബല്ലിൽ കിട്ടുകയുള്ളൂ. അതാണു് അവിടത്തെ മാർക്കറ്റിൻെറ നില.

ശ്രീ. സി. ജി. സദാശിവൻ: നിയന്ത്രിതവിലയ്ക്കു് എടുത്തു വിൽപ്പിക്കുന്നതിനു് കേന്ദ്രം നടപടിയെടുക്കാൻ അവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: പറയാനല്ലാതെ ഒന്നും ചെയ്യാൻ സാദ്ധ്യമല്ലല്ലോ.

ശ്രീ. കെ. കെ. വിശ്വനാഥൻ: ചെയ്യാവുന്നതൊക്കെ ഗവണ്മെൻറ് ചെയ്യുന്നു എന്നു പറഞ്ഞു. കേന്ദ്രത്തിലേക്കു പോയിട്ടുണ്ടു് എന്നും പറഞ്ഞു. അതുകൊണ്ടു് ഇവിടെ ഭക്ഷ്യസ്ഥിതി വളരെ ഗുരുതരാവസ്ഥയിലാണെന്നും സമ്മതിക്കുന്നു. പിന്നെന്തുകൊണ്ടാണു് ഇവിടെ ഇതിനെപ്പറ്റി ഒരു ചർച്ച നടത്തി ഒരു പരിഹാരം കാണാൻ നമുക്കു നിയമസഭാനടപടികൾ നിറുത്തിവച്ചുകൂടാത്തതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഇങ്ങനെയുള്ള ചർച്ച കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകണമെങ്കിൽ ഭക്ഷ്യമന്ത്രി ഡെൽഹിയിൽനിന്നും വന്നുകഴിഞ്ഞതിനുശേഷം അവിടെ പോയതിന്റെ ഫലമെന്താണെന്നറിഞ്ഞ് അതിന്റെ വെളിച്ചത്തിൽ ചർച്ചചെയ്താലെ പ്രയോജനമുണ്ടാകയുള്ളൂ. അദ്ദേഹം വന്നുകഴിഞ്ഞിട്ട് അതേപ്പറ്റി ആലോചിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ചർച്ചകൊണ്ട് ഫലം കാണും.

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നമ്മുടെ ഭക്ഷ്യമനിസ്റ്റർ ഡെൽഹിയിൽ കൂടുതൽ അരി വാങ്ങുന്നതിനുവേണ്ടി പോയിരിക്കുകയാണ്. അപ്പോൾ നാം ഇവിടത്തെ ഗുരുതരമായ ഭക്ഷ്യസ്ഥിതിയേപ്പറ്റി ചർച്ച നടത്തിയാൽ അതു പേപ്പറിലും മറ്റും വന്ന് അടുത്ത ദിവസംതന്നെ ഡെൽഹിയിൽ.....

മി. സ്പീക്കർ: ആർഡർ, ആർഡർ. പ്രമേയം disallow ചെയ്യുന്നു.

Presentation of Report.

Shri P. S. Karthikeyan: Sir, I present the Report of the Public Accounts Committee for 1959-60.

LEGISLATIVE BUSINESS

THE KERALA AGRARIAN RELATIONS BILL.

Minister for Revenue **(Smt. K. R. Gouri):**

I move that the Kerala Agrarian Relations Bill, 1957 be finally passed.

Minister for Law **(Shri V. R. Krishna Iyer):**

I second it.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: സർ, കേരളകാർഷിക ബന്ധബിൽ അവസാനമായി പാസാക്കാൻപോകുന്ന ഈയവസരത്തിൽ ചില സംഗതികൾ ഈ സഭ മുൻപാകെ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രതിപക്ഷപാർട്ടികളെ സംബന്ധിച്ചിടത്തോളം, വളരെ സൗഹൃദത്തോടുകൂടിയ സഹകരണം ഈ ബിൽ പാസാക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതു് വ്യക്തമായ ഒരു പരമാർത്ഥം മാത്രമാണ്. ഇന്നു്, ഈ ഗവണ്മെൻറ് അധികാരത്തിൽ നിന്നു പോകണമെന്നുള്ള ഉദ്ദേശത്തിൽ, ഈ രാജ്യത്തു് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രക്ഷോഭണത്തിൽ ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിലുള്ള ബഹുജനങ്ങളെ സംഘടിപ്പിക്കുന്നതിനു് തികഞ്ഞ ഉത്തരവാദിത്വമുള്ള ഈ രാജ്യത്തെ പ്രതിപക്ഷ എം. എൽ. എ. മാർ, ഇന്നു രാവും പകലും, ഉച്ചകഴിഞ്ഞു ഇവിടെ ഇരുന്നു് ഈ ബിൽ പാസാക്കിയെടുക്കാൻ ഈ ഗവണ്മെൻറിനെ സഹായിക്കുന്ന അവസരത്തിൽ, ഇവിടത്തെ ചീഫ് മിനിസ്റ്റർ, അടുത്ത കാലത്തു് തഞ്ചാവൂർ ഒരു പ്രസംഗം ചെയ്തതിൽ, ഇവിടത്തെ പ്രതിപക്ഷങ്ങൾ കാർഷികബന്ധബില്ലിനെതിരാണു്, അതു പാസാക്കുന്നതിൽ സഹായകമായ ഒരു നിലപാടല്ല സ്വീകരിച്ചിരിക്കുന്നതെന്നു പ്രസ്താവിച്ചിട്ടുള്ളതായി പത്രറിപ്പോർട്ടുകൾ കാണുകയുണ്ടായി. അതു ശരിയാണെങ്കിൽ, വരുന്ന കാലത്തു്, ഈ ഗവണ്മെൻറ് അധികാരത്തിൽനിന്നും പോയിക്കഴിഞ്ഞതിനുശേഷം, ഞങ്ങളെ സമീപിക്കേണ്ട കാലത്തു്, തിരഞ്ഞെടുപ്പിനു വോട്ടുപിടിക്കുമ്പോൾ, ഞങ്ങൾ കാർഷികബന്ധബിൽ പാസാക്കിയവരാണ്, കോൺഗ്രസും പി. എസ്. പി. യും, മുസ്ലീംലീഗും അന്നു് അതിനെതിരായിരുന്നു, ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly